**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1320 11.02.2016 -ൽ മറുപടിക്ക്**

## ദേശീയ പാത വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**<br>**,, എളമരം കരീം**<br>**,, ബി.ഡി. ദേവസ്സി**<br>**,,കോലിയക്കോട് എൻ. കൃഷ്ണൻനായർ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് ദേശീയ പാത വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ സമിതി ഇതിനകം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;<br><br>(ബി) ദേശീയ പാത വികസനത്തിന് സ്ഥലമേറ്റെടുക്കുന്ന കാര്യത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ; | (എ) & (ബി) സ്ഥലമേറ്റെടുക്കുന്നതിനുണ്ടായ കാലതാമസം മൂലം നിശ്ചലാവസ്ഥയിലായ ദേശീയപാതയുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ അതായത് ആരാധനാലയങ്ങൾ, സാമൂഹിക, സാംസ്കാരിക, പ്രാധാന്യമുള്ള കെട്ടിടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് അലൈൻമെന്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവാക്കിയിട്ടുണ്ട്. ഈ കമ്മിറ്റി രണ്ടു തവണ യോഗം ചേരുകയും ദേശീയപാതയുടെ അലൈൻമെന്റിലുള്ള ഓരോ പ്രദേശങ്ങളിൽ നിന്നുള്ള മേൽപ്പറഞ്ഞ തരത്തിലുള്ള പരാതികൾ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ജില്ലാതലത്തിൽ പരിഹരിക്കുവാൻ സാധിക്കാത്ത പരാതികൾ |

ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) എൻ.എച്ച്. 17, എൻ.എച്ച്. 47 പാതകളുടെ വികസനത്തിന് എത്ര അളവിൽ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിൽ എത്ര ശതമാനം ഇതിനകം ഏറ്റെടുക്കാനായി;

(സി) ദേശീയപാത 47 ന്റെ (പുതിയ എൻ.എച്ച് 544) വാളയാർ മുതൽ വടക്കഞ്ചേരി (കി.മീ 182.250 മുതൽ 240.00) വരെയുള്ള ഭാഗത്തിന് 65.22 ഹെക്ടർ സ്ഥലവും, വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെ (കി.മീ 240.00 മുതൽ 270.00) വരെയുള്ള ഭാഗത്തിന് 93.95 ഹെക്ടർ സ്ഥലവും തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള (കി.മീ.270.00 മുതൽ 342.00 വരെ) ഭാഗത്തിന് 41.60 ഹെക്ടർ സ്ഥലവും എൻ.എച്ച്.എ.ഐ ഏറ്റെടുത്ത് വികസനം നടപ്പിലാക്കി വരുന്നു. പഴയ അലൈൻമെന്റ് പ്രകാരം തലപ്പാടി മുതൽ ഇടപ്പള്ളി വരെ (പുതിയ എൻ.എച്ച് 66) 976.97 ഹെക്ടർ സ്ഥലവും ചേർത്തല മുതൽ കഴക്കൂട്ടം വരെ (പുതിയ എൻ.എച്ച് 66) 256 ഹെക്ടർ സ്ഥലവും (ആകെ 1232.97 ഹെക്ടർ) വികസനത്തിന് ആവശ്യമാണ്. ഇതിൽ 8.77 ഹെക്ടർ സ്ഥലം (0.71%) മാത്രമാണ് ഇതുവരെ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുള്ളത്. വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസം മൂലം ദേശീയപാത 17 ന്റേയും 47 ന്റേയും വികസനത്തിൽ നിന്ന് ദേശീയപാതാ വികസന അതോറിറ്റി പിന്മാറുകയുണ്ടായി. എന്നാൽ ആവശ്യമായ ഭൂമി ഏറ്റെടുത്തു നൽകാമെന്നുള്ള സംസ്ഥാന സർക്കാരിന്റെ ഉറപ്പിനെ തുടർന്ന് ദേശീയ പാത 47 ന്റേയും, 17 ന്റേയും വികസനത്തിന് പുതിയ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | ഡി.പി.ആർ തയ്യാറാക്കിയതിനു ശേഷം മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകൂ. |
| (ഡി) | കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരം നല്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; ഇതിന് എന്തു തുക ചെലവ് വരും; ഇതിനായി പണം കണ്ടെത്തിയിട്ടുണ്ടോ; | (ഡി) | ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം കണക്കാക്കുന്നത് എൻ.എച്ച് ആക്ട് പ്രകാരമാണ്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കമ്പോള വില നിശ്ചയിക്കുമ്പോൾ സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്തിട്ടുള്ളപ്പോൾ സ്വീകരിച്ച മാനദണ്ഡങ്ങൾ ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കലിലും പിൻതുടരണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടപരിഹാര തുക കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ടും കേന്ദ്ര സർക്കാരാണ് ലഭ്യമാക്കേണ്ടത്. |
| (ഇ) | നിലവിൽ എൻ.എച്ച്.എ.ഐ.യുടെ ഓഫീസുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഹൈവേ വികസനവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എ.ഐ.യുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഇത് സംസ്ഥാന സർക്കാർ പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | പ്രവർത്തിക്കുന്നുണ്ട്. ദേശീയപാത 4 വരിപ്പാതയായി ബി.ഒ.ടി വ്യവസ്ഥയിൽ വികസിപ്പിക്കുവാൻ 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലം അക്വയർ ചെയ്യണമെന്നാണ് എൻ.എച്ച്.എ.ഐ നിഷ്കർഷിച്ചിരിക്കുന്നത്. ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.94/2014/പൊ.മ.വ തീയതി, 25.10.2014 പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ